**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6554** **21-11-2019 ൽ മറുപടിക്ക്**

**വൻകിട ഭൂമികയ്യേറ്റം സംബന്ധിച്ച കേസുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. കെ.എം.ഷാജി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൻകിട ഭൂമികയ്യേറ്റം സംബന്ധിച്ച എത്ര കേസുകൾ വിജയിച്ചിട്ടുണ്ട്; എത്ര കേസുകൾ പരാജയപ്പെട്ടിട്ടുണ്ട്;ഇവയുടെ വിശദവിവരം നൽകുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമി കൈയ്യേറ്റവുമായി ബന്ധപ്പെട്ട് ആകെ 36 കോടതി കേസ്സുകളിൽ സർക്കാർ ഭാഗം വിജയിച്ചിട്ടുണ്ട്.<br>ഇടുക്കി, വയനാട് ജില്ലകളിലായി രണ്ട് കേസ്സുകളിൽ സർക്കാരിനെതിരെ കോടതി വിധി വന്നിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ചിന്നക്കനാൽ വില്ലേജിലെ സർക്കാർ ഭൂമി കൈയ്യേറ്റവുമായി ബന്ധപ്പെട്ട് അപ്പോത്തിയോസിസ് ഇൻഫ്രാസ്ട്രക്ചർ ലിമിററഡ് ബഹു. കേരള ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച WP(C) 16390/2013 നമ്പർ കേസിൽ 21.05.2015 ൽ ടി കമ്പനിയ്ക്ക് അനുകൂലമായാണ് കോടതി വിധി ഉണ്ടായത്. ടി വിധിക്കെതിരെ സർക്കാർ ഫയൽ ചെയ്ത WA 1630/2015 നമ്പർ അപ്പീൽ ഹർജി 09.01.2019 ൽ തള്ളി ഉത്തരവായിരുന്നു. ടി വിധിക്കെതിരെ RP 785/2019 നമ്പരായി സർക്കാർ പുന:പരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുള്ളതാണ്. വയനാട് ജില്ലയിൽ മുട്ടിൽ നോർത്ത് വില്ലേജിൽ 24.4040 ഹെക്ടർ സർക്കാർ ഭൂമിയിലെ അനധികൃത കൈയ്യേറ്റം ഒഴിപ്പിച്ച് സർക്കാരിലേയ്ക്ക് തിരികെ നിക്ഷിപ്തമാക്കി യിരുന്നെങ്കിലും ഈ നടപടിക്കെതിരെ കൈയ്യേറ്റ കക്ഷികൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 731/2019 നമ്പർ കേസിൽ LARR ആക്റ്റ് പ്രകാരം കൈവശക്കാർക്ക് പ്രതിഫലം നൽകി സ്ഥലം ഏറ്റെടുക്കുന്നതിനോ അല്ലായെങ്കിൽ ടി ഭൂമി കക്ഷികൾക്ക് തിരികെ വിട്ടു നൽകുന്നതിനോ ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്. ഭൂ സംരക്ഷണ നിയമ പ്രകാരം സ്വീകരിച്ച ഒഴിപ്പിക്കൽ നടപടികൾ നിയമാനുസൃതമായതിനാൽ പ്രസ്തുത വിധിന്യായത്തിനെതിരെ ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ച് മുമ്പാകെ WA 2227/2019 നമ്പരായി സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (ബി) കേസുകൾ പരാജയപ്പെടുവാനുണ്ടായ കാരണം സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിട്ടുണ്ടോ; | (ബി) യും (സി) യും കേസുകൾ പരാജയപ്പെടുവാനുണ്ടായ കാരണം പരിശോധിച്ച് കൈയ്യേറ്റം ഒഴിപ്പിച്ചെടുക്കുക എന്നുള്ള സർക്കാർ നയം സംരക്ഷിക്കുന്നതിനായി ബഹു. കോടതി മുമ്പാകെ അപ്പീൽ/ പുന:പരിശോധനാ ഹർജികൾ യഥാസമയം സമർപ്പിച്ചിട്ടുണ്ട്. |
| (സി) സർക്കാർ അഭിഭാഷകരുടെ ഭാഗത്ത്നിന്നുണ്ടായിട്ടുള്ള അലംഭാവം മൂലമാണ് ഭൂരിഭാഗം കേസുകളിലും പരാജയപ്പെട്ടത്എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | |

**സെക്ഷൻ ഓഫീസർ**